# കേരള സർവകലാശാല

നം.പി.ആർ.254/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2019 ഡിസംബർ 4 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ ഡിസംബർ 2019 (2014 & 2018 സ്കീം) പരീക്ഷ ഡിസംബർ 19 ലേക്കും, 2020 ജനുവരി 22 ന് നടത്താൻ നിശ്ചയിച്ചിരുന്ന 2018 സ്കീം – "Sales and Distribution Management" എന്ന വിഷയം 2020 ജനുവരി 24 ലേക്കും മാറ്റിവെച്ചു.

### ടൈംടേബിൾ

2019 ഡിസംബർ 4 ന് നടത്താൻ തീരുമാനിച്ചിരുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2013 സ്കീം)ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ Embeded System എന്ന പരീക്ഷ ഡിസംബർ 11 ലേക്ക് മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2020 ജനുവരി 9, ഫെബ്രുവരി 4 തീയതികളിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം റെഗുലർ (2018 അഡ്മിഷൻ), സപ്ലിമെന്ററി (2017 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴ കൂടാതെ ഡിസംബർ 16 വരെയും 150 രൂപ പിഴയോടെ ഡിസംബർ 19 വരെയും 400 രൂപ പിഴയോടെ ഡിസംബർ 23 വരെയും ഓൺലൈനായി ഡിസംബർ 2 മുതൽ അപേക്ഷിക്കാം.

### പരീക്ഷാകേന്ദ്രം

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം കാര്യവട്ടം ഓൾഡ് ഓറിയന്റൽ ലാംഗ്വേജ് ബ്ലോക്കിലേക്ക് മാറ്റിയതിനാൽ എസ്.ഡി.ഇ, പാളയം സെന്ററിൽ പി.ജി (എസ്.ഡി.ഇ) നാലാം സെമസ്റ്റർ, എം.ബി.എ, രണ്ടാം സെമസ്റ്റർ മേഴ്സിചാൻസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഡിസംബർ 2 മുതലുള്ള പരീക്ഷകൾ കാര്യവട്ടം ഓൾഡ് ഓറിയന്റൽ ലാംഗ്വേജ് ബ്ലോക്കിൽ എഴുതേണ്ടതാണ്.

കരിയർ റിലേറ്റഡ് കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ റീസ്ട്രക്ച്ചേർഡ് (2008 വരെ മേഴ്സി ചാൻസ്, 2009 സപ്ലിമെന്ററി അഡ്മിഷനുകൾ/2010, 2011, 2012 അഡ്മിഷനുകൾ) (മേഴ്സി ചാൻസ്/സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 3 ന് ആരംഭിക്കുന്നതാണ്. നവംബർ 26, 28 തീയതികളിൽ നടത്താനിരുന്ന പരീക്ഷകളുടെ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ യു.ഐ.ടി ആലപ്പുഴയിലും കൊല്ലം ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വർ കൊല്ലം യു.ഐ.ടിയിലും പത്തനംതിട്ട ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി ആവ ശ്യപ്പെട്ടിരിക്കുന്നവർ യു.ഐ.റ്റി അടൂരും തിരുവനന്തപുരം ജില്ലയിലെ കോളേജുകൾ ആവശ്യ പ്പെട്ടിട്ടുള്ളവർ യു.ഐ.റ്റി തിരുവനന്തപുരത്തും (കുറവൻകോണം) പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഹാൾടിക്കറ്റ് അപേക്ഷിച്ചിരിക്കുന്ന സെന്ററുകളിൽ നിന്ന് വാങ്ങി അലോട്ടു ചെയ്തിരിക്കുന്ന യു.ഐ.ടികളിൽ പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം,
30.11.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098